**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 833** **06-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷനിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ എത്രയെന്നും ഇതിൽ എത്ര സംഘങ്ങൾ ലാഭകരമായി പ്രവർത്തിക്കുന്നുണ്ടെന്നും അറിയിക്കാമോ; | (എ) | കേരള സംസ്ഥാന പട്ടികജാതി/ പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷനിൽ ആകെ 683 പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. ഇതിൽ 582 പട്ടികജാതി സർവ്വീസ് സഹകരണ സംഘങ്ങളും, 101 പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സംഘങ്ങളുമാണുള്ളത്. ഇവയിൽ ലാഭകരമായി പ്രവർത്തിയ്ക്കുന്ന സംഘങ്ങൾ സംബന്ധിച്ച കണക്കുകൾ ഇപ്പോൾ ലഭ്യമല്ല |
| (ബി) | നഷ്ടത്തിൽ പ്രവർത്തിക്കുന്ന പട്ടിക ജാതി, പട്ടികവർഗ്ഗ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കാനും പുനസംഘടിപ്പിക്കാനും ആവശ്യമായ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ; | (ബി) | നഷ്ടത്തിൽ പ്രവർത്തിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങളുടെ പുനർജ്ജീവനവും പുനർ സംഘടനവും ലക്ഷ്യമാക്കി സമഗ്ര വികസന പരിശീലന പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച വിഷയം സഹകരണ വകുപ്പിന്റെ പരിഗണനയിലാണ്. ഈ പദ്ധതിയുടെ കീഴിൽ സംഘങ്ങളുടെ പ്രവർത്തന അടിസ്ഥാനത്തിൽ തരംതിരിച്ച് നിഷ്ക്രിയ സംഘങ്ങളുടെ പുനർജ്ജീവനത്തിന് പ്രാധാന്യം നൽകുകയും, ഇതര വകുപ്പുകളുടെ കീഴിലുള്ള പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങളെയും, ഈ പദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്തുന്നതുമാണ്. |
| (സി) | പട്ടികജാതി പട്ടികവർഗ്ഗ സംഘങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കുകളിലും മറ്റുമുള്ള കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | പട്ടികജാതി പട്ടികവർഗ്ഗ സംഘങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കിലും മറ്റുമുള്ള കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കുന്നതിന് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ പദ്ധതി ആവിഷ്കരിച്ചിട്ടില്ല. എന്നാൽ പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷൻ അതിന്റെ അംഗസംഘങ്ങൾക്ക് 1999-2000 സാമ്പത്തിക വർഷം വരെ പദ്ധതി ഇനത്തിൽ നൽകിയിട്ടുള്ള വായ്പ ഇനത്തിലെ കുടിശ്ശിക തുക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരമുള്ള കുടിശ്ശിക നിവാരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ